# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1461

22.03.2013 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷങ്ങൾക്കായി നടപ്പാക്കിയ പുതിയ പദ്ധതികൾ

**ചോദ്യം**

ശ്രീ. എസ് ശർമ്മ

(എ) ഈ സർക്കാർ ന്യൂനപക്ഷങ്ങൾക്കായി നടപ്പാക്കിയ പുതിയ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ)

1. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പലിശ രഹിതമാക്കി പുനരാവിഷ്ക്കരിച്ചു.
2. സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു.
3. സൈനിക- അർദ്ധ സൈനിക മേഖലകളിൽ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പ്രീ റിക്രൂട്ട്മെന്റ് പരിശീലനം.
4. മുസ്ലീംയുവജനതയ്ക്കായുള്ള കോച്ചിംഗ് സെന്ററുകൾ 9 ജില്ലകളിലായി 11 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചു.
5. സംസ്ഥാനത്താകെ 1000 ന്യൂനപക്ഷ പ്രമോട്ടർമാരുടെ നിയമനം.
6. ന്യൂന്പക്ഷ വനിതാ ശാക്തീകരണത്തിനായി സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം (പ്രോജക്ട് ചെലവിന്റെ 50% ത്തിൽ പരിമിതപ്പെടുത്തി പരമാവധി 2.5 ലക്ഷം രൂപ)
7. നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശ- കസേര വിതരണ പദ്ധതി.
8. മുസ്ലീം വിദ്യാർത്ഥിനികൾക്ക് ഉന്നത പഠനത്തിനായുള്ള സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് തുകയും വരുമാന പരിധിയും വർദ്ധിപ്പിച്ചു.
9. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക്(ഹൈസ്കൂൾ/ഹയർ സെക്കന്ററി/അണ്ടർ ഗ്രാജ്വേറ്റ്) റസിഡൻഷ്യൽ വ്യക്തിത്വ വികസന ക്യാമ്പ്.
10. തൊഴിൽ രഹിതരായ 100 ന്യൂനപക്ഷ യുവജനതയ്ക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ / പോളിടെക്നിക്കുകളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ച് സിഡ്കോ വഴി സിവിൽ എഞ്ചിനീയറിംഗിലും ഓട്ടോകാഡിലും പരിശീലനം നൽകി, പ്രൊഫഷണൽ ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗ് ആന്റ് ഓട്ടോകാഡ് സർട്ടിഫിക്കറ്റ് നൽകുന്ന പദ്ധതി.

ഇതുകൂടാതെ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ രൂപീകരണം, 250 ന്യൂനപക്ഷ ബോധവൽക്കരണ ക്യാമ്പ്, വിവാഹമോചിതരായ ന്യൂനപക്ഷ വനിതകൾക്കായുള്ള പാർപ്പിടപദ്ധതി എന്നിവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷ സെക്ഷന് ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ ഏകോപന ചുമതല നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ